(സി) സഹകരണ മേഖലയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിജയകരമായി പ്രവർത്തിക്കാൻ ആകുമോ എന്ന് പരിശോധിച്ച ശേഷമാണ് അതിനുള്ള ആരംഭം കുറിച്ചത്. പുതിയ മേഖലകളുടെ കാര്യം പരിശോധിക്കാവുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1805) പിന്നോക്ക-പട്ടികസമുദായക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക പട്ടിക സമുദായക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെ പുരോഗതി ജില്ലാതലത്തിൽ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും, പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതിയും സംസ്ഥാനതലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാരും വകുപ്പ് സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. കൂടാതെ സംസ്ഥാന ഉപദേശകസമിതി ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകാറുണ്ട്. കോർപ്പറേഷനുകളുടെ ഓരോ വർഷങ്ങളിൽ കഴിഞ്ഞതും വരുംവർഷങ്ങളിൽ നടക്കാനിരിക്കുന്നതുമായ ക്ഷേമപ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കുന്നുണ്ട്. ടി റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടാണ് സർക്കാരിൽ നിന്നും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അനുമതിയും അതിനാവശ്യമായ ഫണ്ടും അനുവദിക്കുന്നത്. കൂടാതെ ഹഡ്കോയും ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനും കോർപ്പറേഷനുകൾ നടപ്പിലാക്കുന്ന അവരുടെ പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തിക്കൊണ്ടാണ് കോർപ്പറേഷനുകൾക്ക് പുതിയ പദ്ധതികളും ഫണ്ടും അനുവദിച്ചുവരുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

2 (1806) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന പദ്ധതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly